FOREST AND WILD LIFE DEPARTMENT
16470
31 OCT 2008

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006 – നടപ്പാക്കൽ – വനഭൂമി പൊതു ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകളിന്മേൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി)വകുപ്പ്

സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ:105/08/പജ.പവ.വിവ  തീയതി,

തിരുവനന്തപുരം : 24.10.2008

പരാമർശം:- 1. സർക്കാരിന്റെ 03-06-08-ലെ ജി.ഒ.(എം.എസ്.) നമ്പർ:62/08/പജ.പവ.വിവ. ഉത്തരവ്.
2. സർക്കാരിന്റെ 17-06-08-ലെ ജി.ഒ.(എം.എസ്.)നമ്പർ:68/08/പജ.പവ.വിവ. ഉത്തരവ്.
3. സർക്കാരിന്റെ 25-06-08-ലെ ജി.ഒ.(എം.എസ്.)നമ്പർ:71/08/പജ.പവ.വിവ. ഉത്തരവ്.

## ഉത്തരവ്

വന/പരിസ്ഥിതി വകുപ്പുകളിൽ നിന്ന് ആവശ്യമായ ക്ളിയറൻസ് യഥാസമയം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ, വനമേഖലയിലെ ആദിവാസി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പല പ്രവൃത്തികളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെവരുന്നുവെന്ന വസ്തുത സരക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എന്നാൽ, പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006-ന്റെ സെക്ഷൻ 3(2)ലെ താഴെ പറയുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനൊരു പരിഹാരമായി നില കൊള്ളുന്നു.

1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഒരു ഹെക്ടർ വനഭൂമിയിൽ നിന്ന് എഴുപത്തഞ്ച് മരത്തിൽ കൂടുതൽ മുറിച്ച് മാറ്റാതെ താഴെ പറയുന്ന സർക്കാർ ആവശ്യങ്ങൾക്ക് വേണ്ടി വനഭൂമി പരിവർത്തനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുന്നുണ്ട്. അതായത്:-

(ക) വിദ്യാലയങ്ങൾ;
(ഖ) ഡിസ്പെൻസറി അല്ലെങ്കിൽ ആശുപത്രി;
(ഗ) അംഗനവാടികൾ;
(ഘ) ന്യായ വില കടകൾ;
(ങ) വൈദ്യുതിയും ടെലികമ്മ്യൂണിക്കേഷൻ ലൈനുകളും;
(ച) ടാങ്കുകളും മറ്റ് ചെറിയ ജലാശയങ്ങളും;
(ഛ) കുടിവെള്ള വിതരണവും വെള്ളത്തിനുള്ള പൈപ്പ് ലൈനുകളും;
(ജ) ജലം അല്ലെങ്കിൽ മഴവെള്ള ശേഖരണ സംഭരണി;
(ഝ) ചെറുകിട ജലസേചന കനാലുകൾ;
(ഞ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്;
(ട) വൈദഗ്ധ്യം അഭിവൃദ്ധിപ്പെടുത്തൽ അല്ലെങ്കിൽ വൊക്കേഷണൽ ട്രെയിനിംഗ് സെൻററുകൾ;
(ഠ) നിരത്തുകൾ കൂടാതെ;
(ഡ) സാമൂഹ്യ കേന്ദ്രങ്ങൾ:

എന്നാൽ, --

(i) ഈ ഉപ വകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കു വേണ്ടി പരിവർത്തനം ചെയ്യേണ്ട വന ഭൂമി ഓരോ ആവശ്യത്തിനും ഒരു ഹെക്ടറിൽ കുറവായിരിക്കേണ്ടതും;

(ii) അത്തരം വികസന പദ്ധതികളുടെ ക്ലിയറൻസ് അതാത് ഗ്രാമസഭ ശുപാർശ ചെയ്തിരിക്കേണ്ടതുമാണ്

ഈ സാഹചര്യത്തിൽ, മുകളിൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി വന ഭൂമി പരിവർത്തനം ചെയ്യുന്നതിനെ സംബന്ധിച്ച പ്രൊപ്പോസലുകൾ, പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006 പ്രകാരം രൂപീകരിച്ച ഗ്രാമസഭകളുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ സമർപ്പിക്കേണ്ടതും, അത് ഗ്രാമസഭ അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രമേയത്തിൻെറ പകർപ്പ് സഹിതം (ഗ്രാമസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) പ്രൊപ്പോസലുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

കേന്ദ്ര സർക്കാരിൻെറ അനുമതി ലഭ്യമായാൽ മാത്രമേ ഈ പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കാൻ പാടുള്ളൂ എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
പോൾ ആൻറണി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ,പട്ടികവർഗ്ഗ വികസന വകുപ്പ്
ചീഫ്, ആദിവാസി പുനരധിവാസ വികസന മിഷൻ.
സ്പെഷ്യൽ ഓഫീസർ,& അഡീഷണൽ സെക്രട്ടറി(ഡിസാസ്റ്റർ മാനേജ്മെൻറ്), റവന്യൂ വകുപ്പ്,
തദ്ദേശസ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ്, വനം വകുപ്പ്,
അക്കൗണ്ടൻറ് ജനറൽ (എ & ഇ),(ഓഡിറ്റ്) കേരളം, തിരുവനന്തപുരം,
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ധനകാര്യ വകുപ്പ്,
ചീഫ് സെക്രട്ടറിയുടെ ജോയിൻറ് സെക്രട്ടറിയക്ക്,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് (തദ്ദേശസ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ്, വനം വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - I & II)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ